കേരള സർക്കാർ

നമ്പർ. 69867/അക്കൗണ്ട്സ്.ബി1/11/ധന. ധനകാര്യ (അക്കൗണ്ട്സ്.ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 01.09.2011

സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ് - 17.02.2009 ലെ പണിമുടക്ക് - ജീവനക്കാർ ആഫീസുകളിൽ ഹാജരാകാതിരുന്നത് - അർഹതപ്പെട്ട അവധി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് സംബന്ധിച്ച്.

17.02.2009 ൽ നടന്ന പണിമുടക്കിനോടനുബന്ധിച്ച് ആഫീസുകളിൽ ഹാജരാകാതിരുന്ന ജീവനക്കാർക്ക് 2011 ജൂൺ 17 -ാം തീയതിയിലെ സ.ഉ (പി) നമ്പർ 200/2011/പൊ.ഭ.വ. പ്രകാരം ഡയസ് നോൺ റദ്ദാക്കി കാഷ്വൽ അവധി ഉൾപ്പെടെയുള്ള അർഹതപ്പെട്ട അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ടി ഉത്തരവു പ്രകാരം അവധി അനുവദിച്ചു കിട്ടിയ ധനവകുപ്പിലെ ജീവനക്കാർ അവരവർക്ക് മേലുദ്യോഗസ്ഥർ അനുവദിച്ച അവധി അപേക്ഷ സഹിതം 20.09.2011 നു മുമ്പ് ധനകാര്യ (അക്കൗണ്ട്സ്.ബി) വകുപ്പിൽ എത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു.

എസ്. ശ്രീകുമാർ,
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ജീവനക്കാർക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

To
ധന (IT-SF) വകുപ്പ്
(വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുന്നതിന്)